൧൯൫–൬൦ ൧൯൫൭–൬൮ ആരംഭിച്ച പ്രൈവറ്റ് പ്രൈമറി സ്കൂളുകളിൽ ഇനി എത്ര സ്കൂളുകൾക്ക് ഗ്രാൻറ് അനുവദിക്കാതെയുണ്ട്?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): കൊച്ചി വിഭാഗത്തിൽ ൧൯൫൬–ൽ ആരംഭിച്ചിട്ടുള്ളതായ സ്കൂളുകൾക്ക് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. ൧൯൫൭–ൽ അതിനുശേഷവും തുടങ്ങിയിട്ടുള്ള സ്കൂളുകൾക്ക് ഗ്രാൻറ് അനുവദിച്ചിട്ടില്ല.

തിരുവിതാംകൂർ വിഭാഗത്തിൽ ൧൯൫൪–൫൫ മുതൽ ൧൯൫൬–൫൭ വരെ അംഗീകരണം കിട്ടിയിട്ടുള്ള പ്രൈമറി ക്ലാസുകളിൽ തിരുവനന്തപുരം ഡിവിഷനിലുള്ള വയൊഴികെ ബാക്കി എല്ലാ ക്ലാസുകൾക്കും എയിഡ് കൊടുത്തിട്ടുണ്ട്. (സ്കൂളുകളുടെ എണ്ണം എത്രയെന്നുള്ള വിവരം ശേഖരിച്ചു വരികയാണ്.)

Questions posted for answer on 27—2—1951

പെരുങ്കടവിള—കന്നത്തുകാൽ റോഡ്

*൭൨൩. (൭) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹു. മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൦–ാമാണ്ടത്തെ മലേറിയാകാലത്തു് റിലീഫ് റോഡായി വെട്ടിയിട്ടുള്ള നെയ്യാറ്റിങ്കര താലൂക്കിൽ പെരുങ്കടവിള കന്നത്തുകാൽ റോഡിന്റെ അനാഥാവസ്ഥയെപ്പറ്റി ഗവൺമെണ്ടു ശ്രദ്ധിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഒടുവിലത്തെ രണ്ടു ഫർലാങ്ങു് കുറെ മോശമാണെന്നു് ശ്രദ്ധയിൽപെട്ടിട്ടുണ്ടു്. അതു ഉടനെ നന്നാക്കാൻ ഏർപ്പാടു ചെയ്തുകഴിഞ്ഞു. പ്രസ്തുത പണി ഇക്കൊല്ലംകൊണ്ടു തീരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

കന്നത്തുകാൽ ചാവടി റോഡ്

*൭൨൪. (൮) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരുങ്കടവിള—കന്നത്തുകാൽ ചാവടി റോഡിൽ അരുവിയോടു് എന്ന സ്ഥലത്തു് ഒരു ഡബിൾ ബെൻറ് കൾവർട്ടു് ഉണ്ടാക്കാൻ എസ്റ്റിമേറു് തയ്യാറാക്കി സമർപ്പിച്ചിട്ടു് എത്ര വർഷമായി;

(ബി) അതു് സാങ്ഷൻ ചെയ്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൯൫൨–ൽ ഒരു എസ്റ്റിമേറു തയ്യാറാക്കിയിരുന്നു. എന്നാൽ അതു് ഇപ്പോൾ Un-workable ആയതുകൊണ്ടു് പുതുക്കിയ എസ്റ്റിമേറു തയ്യാറായിവരുന്നു.

(ബി) ഇല്ല.

പഞ്ചായത്തു ഡിസ്പെൻസർ

*൭൨൫. (൯) സാഹിബ് ബഹദൂർ എ. മുഹമ്മദുമസ്താൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പഞ്ചായത്തു ഡിസ്പെൻസർമാരുടെ അൻപതു രൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം എത്രയെന്നു പ്രസ്താവിക്കുമോ;

(ബി) അവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൯ വു.

*(ബി) പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly